(സി) അങ്ങനെ മുൻകൂട്ടി ടാർജറ്റ് ഫിക്സ് ചെയ്ത് കേസ് എടുക്കാൻ കഴിയില്ല.

(ഡി) ചെയ്യാറുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് സ്കാഡ്, സ്പെഷ്യൽ സ്കാഡ് എന്നിവ കണ്ടുപിടിച്ച വ്യാജ മദ്യ ഉറവിടങ്ങൾ

39 (1093) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എക്സൈസ് സ്കാഡ്, സ്പെഷ്യൽ സ്കാഡ് എന്നിവ വ്യാജ മദ്യ നിർമ്മാണം മാത്രം പിടിക്കാൻ ഉദ്ദേശിക്കപ്പെട്ടവരാണോ ; എങ്കിൽ ഈ വർഷം ഇതുവരെ എക്സൈസ് സ്കാഡുകളും സ്പെഷ്യൽ സ്കാഡുകളും എത്ര വില്പനകേന്ദ്രങ്ങളിലെത്തി വില്പനക്കാരെ പിടിക്കുകയും അവർക്ക് വ്യാജമദ്യം കിട്ടിയ ഉറവിടം കണ്ടെത്തുകയും ചെയ്തുവെന്ന് പറയുമോ ?

ഉത്തരം

എക്സൈസ് സ്കാഡ്, സ്പെഷ്യൽ സ്കാഡ് എന്നിവ വ്യാജമദ്യ നിർമ്മാണം, അബ്കാരി കേസ്സുകൾ കൂടാതെ നാർക്കോട്ടിക് കേസ്സുകളും കണ്ടു പിടിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവരാണ്. ഈ സ്കാഡുകൾ സംസ്ഥാനത്താകെ ഈ വർഷം 2165 കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും 266 കേസ്സുകളിലായി 193 പ്രതികളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.

മദ്യമരണം ഒഴിവാക്കാൻ നടപടി

40 (1094) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായ നിരോധനം മദ്യ ദുരന്തങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കിയതെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ചാരായ നിരോധനം പിൻവലിക്കാൻ ആലോചിക്കുന്നുണ്ടോ ;

(സി) അടിക്കടിയുള്ള മദ്യദുരന്തങ്ങൾ ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. കേരളത്തിലെ വലിയ വ്യാജ മദ്യ ദുരന്തമുണ്ടായത് ചാരായ നിരോധനത്തിന് മുമ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly